Sajeevan k c GHSS THARUVANA WAYANAD

പ്രമേയം 2

HSSLiVE.IN

# രാജാക്കന്മാർ , കർഷകർ,നഗരങ്ങൾ

# KINGS, FARMERS AND TOWNS

1) മഹാജനപഥങ്ങൾ എന്നാലെന്ത് ? അവയുടെ സവിശേഷതകൾ വിവരിക്കുക

- ബി .സി .ഇ .ആറാം നൂറ്റാണ്ടിൽ ഉത്തരേന്ത്യയിൽ അനേകം സ്വതന്ത്ര രാജ്യങ്ങൾ ഉയർന്നു വന്നു ഇക്കൂട്ടത്തിൽ മഹാജനപഥങ്ങൾ എന്ന് വിളിച്ചിരുന്ന 16 വലിയ രാഷ്ട്രങ്ങൾ ഉണ്ടായിരുന്നു .വജ്ജി മഗധം,കോസലം , കുരു , പാഞ്ചാലം ,ഗാന്ധാരം ,അവന്തി എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ .
- മിക്ക മഹാജനപഥങ്ങളിലും രാജവാഴ്ചയാണ് നില നിന്നിരുന്നത് .
- ചില മഹാജനപഥങ്ങളിൽ സംഘ ഭരണം (Oligarchies) അഥവാ ജനപ്രധിനിധികളുടെ ഭരണമാണ് (Republics ) നിലനിന്നിരുന്നത്
- ഓരോ മഹാജനപഥത്തിനും ഒരു തലസ്ഥാന നഗരം ഉണ്ടായിരുന്നു .
- മഹാജനപഥങ്ങൾ ഒരു സ്ഥിര സൈന്യത്തെയും ഉദ്യോഗസ്ഥ വൃന്ദത്തെയും നിലനിർത്തിയിരുന്നു .

2) മഗധയുടെ ഉയർച്ചക്കുള്ള കാരണങ്ങൾ വിവരിക്കുക

- പ്രതിയോഗികളെ കീഴ് പെടുത്തി മഗധ ഒരു വൻ ശക്തിയായി ഉയർന്നു വന്നതിന് നിരവധി കാരണങ്ങൾ ഉണ്ട്
- മഗധ ഫലഭൂയിഷ്ഠവും കൃഷിക്ക് ആവശ്യമായ ഘടകങ്ങളാൽ സമ്പന്നവുമായിരുന്നു .
- ഇരുമ്പയിര് സുലഭമായി ലഭിച്ചിരുന്നു .
- മഗധൻ സൈന്യത്തിന്റെ ഒരു പ്രധാന ഘടകമായിരുന്ന ആനകൾ അവിടത്തെ വനങ്ങളിൽ ധാരാളമായുണ്ടായിരുന്നു .
- ബിംബിസാരൻ അജാതശത്രു മുതലായ ശക്തരായ രാജാക്കന്മാരുടെ നേതൃത്വം മഗധക്ക് സഹായകമായി
- ഗംഗയും അതിന്റെ പോഷക നദികളും കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാനും വിനിമയം സൗകര്യപ്രദമാക്കാനും ജനങ്ങളെ സഹായിച്ചു .
- മഗധയുടെ ആദ്യ തലസ്ഥാനമായ രാജഗൃഹവും പിന്നത്തെ തലസ്ഥാനമായ പാടലീപുത്രയും തന്ത്ര പ്രധാനമായ സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്തിരുന്നത് .ഇത് പുറമെ നിന്നുള്ള അക്രമങ്ങളിൽ നിന്ന് രാജ്യത്തിന് സംരക്ഷണമേകി

3) ബി .സി .ഇ ആറാം നൂറ്റാണ്ട് ഇന്ത്യാചരിത്രത്തിലെ ഒരു വഴിത്തിരിവ് ആയിരുന്നു .ഇക്കാലത്തുണ്ടായ പ്രധാന സംഭവവികാസങ്ങൾ വിശദീകരിക്കുക

- ആദ്യകാല രാഷ്ട്രങ്ങളുടെ ഉദയം : മഹാജനപഥങ്ങൾ എന്നറിയപ്പെടുന്ന രാഷ്ട്രങ്ങളുടെ രൂപീകരണം നടന്നത് ഇക്കാലത്താണ് .
- നഗരങ്ങളുടെയും പട്ടണങ്ങളുടെയും ഉദയം : ഇന്ത്യ ചരിത്രത്തിലെ രണ്ടാം നഗരവത്കരണത്തിന്റെ കാലമാണ് ഇത്

Hsslive.in

- ഇരുമ്പിന്റെ വർദ്ധിച്ച ഉപയോഗം ;ഇരുമ്പിന്റെ ഉപയോഗം വർദ്ധിച്ചതോടെ വനങ്ങൾ വെട്ടി തെളിക്കപ്പെട്ടു ഇരുമ്പു കൊണ്ടുള്ള പുതിയ കാർഷികോപകരണങ്ങൾ കൃഷിയുടെ വ്യാപനത്തിന് കാരണമായി ഇരുമ്പായുധങ്ങൾ യോദ്ധാക്കളുടെ പ്രാധാന്യം വർദ്ധിപ്പിച്ചു
- നാണയ വ്യവസ്ഥയുടെ വികാസം : ലോഹനിർമ്മിതമായ നാണയങ്ങളുടെ ഉപയോഗം വാണിജ്യത്തിന്റെ വികസനത്തിന് സഹായകമായി
- ബുദ്ധ മതം ,ജൈനമതം തുടങ്ങിയ പുതിയ ചിന്താ വ്യവസ്ഥകൾ രൂപം കൊണ്ടു

4 ജെയിംസ് പ്രിൻസെപ് ആരായിരുന്നു ? അദ്ദേഹം കണ്ടെത്തിയ രണ്ട് പ്രാചീന ലിപികൾ ഏതെല്ലാം ?

- ജെയിംസ് പ്രിൻസെപ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയിലെ ഒരു ഉദ്യോഗസ്ഥൻ ആയിരുന്നു .
- ബ്രാഹ്മി ,ഖരോഷ്ഠി എന്നീ നിഗൂഢ ലിപികൾ ആദ്യമായി വായിക്കപ്പെട്ടത് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് .

5) മൗര്യ സാമ്രാജ്യത്തിന്റെ ചരിത്രം പുനർനിർമ്മിക്കുന്നതിന് സഹായകമായ സ്രോതസ്സുകൾ ഏവ ?

- മെഗസ്തനീസിന്റെ 'ഇൻഡിക്ക ' മൗര്യ സമൂഹത്തെ കുറിച്ചും ഭരണത്തെ കുറിച്ചും വിലയേറിയ വിവരണങ്ങൾ നൽകുന്നു
- കൗടില്യന്റെ 'അർത്ഥശാസ്ത്രമാണ്' മൗര്യ ചരിത്രത്തിന്റെ മറ്റൊരു പ്രധാന സ്രോതസ് .മൗര്യ ഭരണത്തെ കുറിച്ച് വിശദ വിവരങ്ങൾ നൽകുന്ന ഒരു സമകാലിക കൃതിയാണിത് .
- വിശാഖ ദത്തൻ എഴുതിയ' മുദ്രാ രാക്ഷസം' എന്ന നാടകം ചന്ദ്ര ഗുപ്ത മൗര്യൻ എങ്ങനെയാണ് നന്ദ രാജവംശത്തെ കീഴടക്കിയതെന്ന് വിവരിക്കുന്നുണ്ട്
- ബുദ്ധ ,ജൈന പുരാണ സാഹിത്യങ്ങളും മൗര്യ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു
- ശില്പങ്ങൾ ,നാണയങ്ങൾ . കൊത്തുലിഖിതങ്ങൾ മുതലായ പുരാവസ്തുക്കളും അശോകന്റെ കാലത്തെ ശിലാലിഖിതങ്ങളും വിലപ്പെട്ട വിവരങ്ങൾ നൽകുന്നു

6 ഇരുപതാം നൂറ്റാണ്ടിലെ ദേശീയ നേതാക്കന്മാർ അശോകനെ ഒരു പ്രചോദനമായാണ് കണ്ടത് എന്തുകൊണ്ട് ?

- മൗര്യ ചക്രവർത്തിമാരിൽ ഏറ്റവും മഹാനും പ്രശസ്തനുമായ രാജാവാണ് അശോകൻ .
- കലിംഗ യുദ്ധം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമായിരുന്നു .യുദ്ധത്തിന്റെ കെടുതികളും യാതനകളും അദ്ദേഹത്തെ ദുഖിതനാക്കി .
- അതോടെ അദ്ദേഹം ആക്രമണ നയം ഉപേക്ഷയിക്കുകയും സമാധാനത്തിന്റെ വഴി സ്വീകരിക്കുകയും ചെയ്തു .
- കലിംഗ യുദ്ധത്തിന് ശേഷം ധർമ്മം എന്ന നയം സ്വീകരിച്ച അദ്ദേഹം രാജ്യത്തെ മതപരവും സാമൂഹികവുമായ സംഘർഷങ്ങൾ ഇല്ലാതാക്കി കൊണ്ട് ഐക്യവും സൗഹൃദവും വളർത്തിയെടുക്കാൻ പരിശ്രമിച്ചു .
- അശോക ശാസനങ്ങൾ തിരിച്ചറിഞ്ഞ് വായിച്ചതോടെ ഇന്ത്യാ ചരിത്രത്തിലെ മഹത്തായ ഒരു കാലഘട്ടം അനാവരണം ചെയ്യപ്പെട്ടു
- ഈ കണ്ടെത്തലുകൾ ഇന്ത്യയുടെ പുരാതന രാഷ്ട്രീയചരിത്ര പഠനത്തിന് ഒരു പുതിയ ദിശാ ബോധം നൽകി .

7) അശോക ധർമ്മം എന്താണെന്ന് വിശദീകരിക്കുക

- അശോക ധർമ്മം ഒരു മത വിശ്വാസമോ അനുഷ്ഠാനമോ അല്ല .

Hsslive.in

- അത് ബുദ്ധമത്തിലധിഷ്ഠിതമായ ഒരു ജീവിത ശൈലിയാണ് .അശോക ധർമ്മംചില പ്രത്യേക തത്വങ്ങൾക്ക് ഊന്നൽ നൽകി .
- മാതാപിതാക്കളെയും അധ്യാപകരെയും മുതിർന്നവരെയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുക
- അടിമകളോടും പരിചാരകരോടും ദയാപൂർവം പെരുമാറുക .
- മറ്റ് മതങ്ങളെയും പാരമ്പര്യങ്ങളേയും ആദരിക്കുക .
- ജീവനുള്ള ഒന്നിനെയും കൊല്ലുകയോ മുറിവേൽപ്പിക്കുകയോ ചെയ്യരുത് .സത്യസന്ധത കാത്തു സൂക്ഷിക്കുക .
- ചുരുക്കത്തിൽ സഹിഷ്ണുത ,അഹിംസ ,പ്രജാക്ഷേമം എന്നിവയാണ് അശോക ധർമ്മത്തിന്റെ അടിസ്ഥാന തത്വങ്ങൾ

**8) ഉയർന്ന സാമൂഹിക പദവി നേടിയെടുക്കാൻ കുശാനന്മാർ സ്വീകരിച്ച തന്ത്രങ്ങൾ വിശദീകരിക്കുക**

- വിവിധ ദൈവങ്ങളുടെ പ്രതിപുരുഷന്മാരായി അവകാശപ്പെട്ടു
- ഭീമാകാരങ്ങളായ സ്വന്തം പ്രതിമകൾ സ്ഥാപിച്ചു
- 'ദേവപുത്ര 'പോലുള്ള വിശേഷണങ്ങൾ പേരിനൊപ്പം ചേർത്തു
- വലിയ യാഗങ്ങൾ നടത്തി
- പ്രശസ്തികൾ രചിച്ചു

**9) പ്രയാഗ പ്രശസ്തി രചിച്ചത് ആരാണ് ? വിശദീകരിക്കുക**

- ഗുപ്തകാലത്തെ കുറിച്ച് വിവരമേകുന്ന ഒരു പ്രധാന സ്രോതസ്സാണ് പ്രയാഗ പ്രശസ്തി .
- സമുദ്ര ഗുപ്തന്റെ സദസ്യനായിരുന്ന ഹരിസേനൻ സംസ്കൃതത്തിൽ രചിച്ച പ്രയാഗ പ്രശസ്തി അലഹബാദ് സ്തംഭ ലിഖിതം എന്ന പേരിലും അറിയപ്പെടുന്നു .

**10) രാജാക്കന്മാരും ഗ്രാമീണരും തമ്മിലുള്ള ബന്ധം പലപ്പോഴും വളരെ മോശമായിരുന്നു .സമർത്ഥിക്കുക**

- രാജാക്കന്മാരും പ്രജകളും തമ്മിലുള്ള ബന്ധം പ്രത്യേകിച്ച് ഗ്രാമീണരുമായുള്ള ബന്ധം അത്ര മെച്ചപ്പെട്ടതായിരുന്നില്ലെന്ന് ജാതക കഥകളിൽ സൂചിപ്പിക്കുന്നു .
- രാജാക്കന്മാർ കനത്ത നികുതിയാണ് ജനങ്ങളുടെ മേൽ ചുമത്തിയത് .ഇത് ഏറ്റവും ബാധിച്ചത് കൃഷിക്കാരെയാണ് .
- ഈ അവസ്ഥയിൽ നിന്ന് രക്ഷപ്പെടാനായി അവർ വനത്തിലേക്ക് ഒളിച്ചോടുകയോ വർദ്ധിച്ചു വരുന്ന നികുതി അടക്കാനായി ഉത്പാദനം വർദ്ധിപ്പിക്കുകയോ ചെയ്തു

**11)പ്രഭാവതി ഗുപ്ത ആരായിരുന്നു ? ചരിത്രത്തിൽ അവർക്കുള്ള പ്രസക്തി എന്താണെന്ന് വിലയിരുത്തുക**

- ചന്ദ്ര ഗുപ്തൻ രണ്ടാമന്റെ മകളായിരുന്ന പ്രഭാവതി ഗുപ്ത യെ ഡെക്കാനിലെ ഭരണാധികാരികളായിരുന്ന വാകാടക രാജകുടുംബത്തിലേക്കാണ് വിവാഹം ചെയ്തയച്ചത് .

- സ്ത്രീകൾക്ക് ഭൂമിയിലോ മറ്റ് സ്വത്തുക്കളിലോ അവകാശമില്ലാതിരുന്ന ഈ കാലഘട്ടത്തിൽ പ്രഭാവതിക്ക് ഭൂസ്വത്ത് പൈതൃകമായി ലഭിക്കുകയും അവർ ഭൂമി ബ്രാഹ്മണർക്ക് ദാനമായി നൽകുകയും ചെയ്തു .
- പ്രഭാവതി രാജ്ഞിയായിരുന്നത് കൊണ്ടാകാം ഭൂദാനം നല്കാൻ അവർക്ക് കഴിഞ്ഞത് .അല്ലെങ്കിൽ ധർമ്മ ശാസ്ത്ര നിയമങ്ങൾ എല്ലായിടത്തും ഒരുപോലെ നടപ്പിലാക്കിയില്ല എന്ന് വേണം കരുതാൻ

HSslive.in

12) ബി .സി .ഇ  ആറാം നൂറ്റാണ്ടിൽ ഉയർന്നുവന്ന നഗരങ്ങൾ വിനിമയ പാതകളിലാണ് സ്ഥിതി ചെയ്തിരുന്നത് .ഉദാഹരണ സഹിതം വ്യക്തമാക്കുക.

- ബി .സി. ഇ . ആറാം നൂറ്റാണ്ടിൽ ഉയർന്നു വന്ന മിക്ക നഗരങ്ങളും മഹാജനപഥങ്ങളുടെ തലസ്ഥാനങ്ങളായിരുന്നു
- വാണിജ്യപാതകളുടെ അരികിലാണ് എല്ലാ പട്ടണങ്ങളും  മിക്കവാറും സ്ഥിതി ചെയ്തിരുന്നത് .
- ജലഗതാഗത സൗകര്യമുള്ള നദിയോരത്താണ് പാടലീപുത്രം നിലകൊണ്ടത് .
- ഉജ്ജയിനി കരമാർഗത്തിനടുത്തും .

13) ഗിൽഡ് എന്നാൽ എന്ത് ?അവയുടെ ചുമതലകൾ എന്തെല്ലാം?

- കച്ചവടക്കാർ ,കരകൗശല വിദഗ്ധർ എന്നിവരുടെ സംഘടനകൾ ആയിരുന്നു ഗിൽഡുകൾ അഥവാ ശ്രേണികൾ
- അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് ഉത്പാദനം നടത്തിയതും നിർമ്മിത വസ്തുക്കൾ വിപണിയിലെത്തിച്ചിരുന്നതും ഗിൽഡുകളാണ് .
- ആധുനിക ബാങ്കുകളെ പോലെ പ്രവർത്തിച്ചിരുന്ന ശ്രേണികൾ സ്വന്തമായി നാണയങ്ങളിറക്കുക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംഭാവനകൾ നൽകുക എന്നീ കാര്യങ്ങളും ചെയ്തിരുന്നു .

14) പാടലീപുത്രയുടെ ഭരണത്തിനായി മൗര്യന്മാർ ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ ചൂണ്ടി കാണിക്കുക

- നഗരങ്ങളുടെ ഭരണത്തിനായി പ്രത്യേക സംവിധാനങ്ങൾ ഉണ്ടായിരുന്നു .നഗരഭരണം വിപുലവും ആസൂത്രിതവുമായിരുന്നു .മുപ്പത് അംഗങ്ങളുള്ള ഒരു കൗൺസിലാണ് തലസ്ഥാന നഗരിയായ പാടലീപുത്രത്തിന്റെ ഭരണം നടത്തിയത് .അഞ്ച് അംഗങ്ങൾ വീതം ഉള്ള ആറ് സമിതികളായി ഈ കൗൺസിലിനെ തരം തിരിച്ചിരുന്നു .
- ഒന്നാം സമിതി പൊതു ശുചിത്വ നിലവാരം പരിശോധിച്ചു
- രണ്ടാം സമിതി വിദേശികളെ ശ്രദ്ധിച്ചുപോന്നു
- മൂന്നാം സമിതി ജനന മരണ കണക്കുകൾ രേഖപ്പെടുത്തി
- നാലാം സമിതി അളവ് ,തൂക്കം തുടങ്ങിയവ നിയന്ത്രിച്ചു
- അഞ്ചാം സമിതി ഉല്പാദിപ്പിക്കപ്പെട്ട സാധനങ്ങൾ പരിശോധിച്ചു
- ആറാം സമിതി നികുതി പിരിച്ചു

15) ബി സി .ഇ . ആറാം നൂറ്റാണ്ടിൽ ഉപഭൂഖണ്ഡത്തിനപ്പുറവുമായി നടന്ന വ്യാപാരത്തിന്റെ സവിശേഷതകൾ ചൂണ്ടിക്കാണിക്കുക

- ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ വാണിജ്യ വ്യാപാര രംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടായി
- കരമാർഗവും നദി മാർഗവും കടൽ മാർഗ്ഗവുമുള്ള വാണിജ്യ വ്യാപാര ബന്ധങ്ങൾ വൻതോതിൽ പുരോഗതി നേടി
- കരമാർഗമുള്ള കച്ചവടം മധ്യേഷ്യയിലേക്കും അതിനപ്പുറത്തേക്കും വികസിച്ചു
- കടൽ വഴിയുള്ള വ്യാപാരം അറബിക്കടൽ കടന്ന് അഫ്രിക്കയിലേക്കും പടിഞ്ഞാറേ ഏഷ്യയിലേക്കും വ്യാപിച്ചു
- ബംഗാൾ ഉൾക്കടൽ വഴിയുള്ള കച്ചവടം തെക്കു കിഴക്കേ ഏഷ്യയിലേക്കും ചൈനയിലേക്കും വളർന്നു

Hsslive.in

**16) സാമ്രാജ്യഭരണത്തിനായി മൗര്യന്മാർ സ്വീകരിച്ചിരുന്ന നടപടികൾ എന്തെല്ലാമാണ് ?മൗര്യ ഭരണത്തിന്റെ മുഖ്യ സവിശേഷതകൾ വിവരിക്കുക**

- മഗധ കേന്ദ്രമാക്കി ചന്ദ്രഗുപ്ത മൗര്യൻ സ്ഥാപിച്ച സാമ്രാജ്യമാണ് മൗര്യ സാമ്രാജ്യം .
- ഇന്ത്യാ ഉപഭൂഖണ്ഡം ഏതാണ്ട് മുഴുവനായും ഒരു ഭരണാധികാരിയുടെ കീഴിൽ വന്നത് അക്കാലത്താണ്.
- ചാണക്യന്റെ സഹായത്തോടെ ചന്ദ്രഗുപ്ത മൗര്യൻ വിപുലമായൊരു ഭരണ സമ്പ്രദായം ആവിഷ്കരിച്ച .
- സാമ്രാജ്യം വളരെ വിശാലമായിരുന്നതിനാൽ വിവിധ ദേശങ്ങളിലെ ഭരണരീതിയും വ്യത്യസ്തമായിരുന്നു
- മൗര്യ സാമ്രാജ്യത്തിൽ അഞ്ച് പ്രധാന രാഷ്ട്രീയ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു.
- തലസ്ഥാനമായ പാടലീപുത്രം ,പ്രവിശ്യാ കേന്ദ്രങ്ങളായ തോസലി ,തക്ഷശില ,ഉജ്ജയിനി സുവർണഗിരി എന്നിവയായിരുന്നു അവ

<u>കേന്ദ്രീകൃത ഭരണം</u>

- മൗര്യന്മാരുടെ ഭരണ സംവിധാനം അത്യന്തം കേന്ദ്രീകൃതമായിരുന്നു .
- രാജാവായിരുന്നു രാജ്യത്തിന്റെയും ഭരണ സംവിധാനത്തിന്റെയും പരമാധികാരി .
- കാര്യ നിർവഹണത്തിന്റെയും സൈന്യത്തിന്റെയും നിയമ വ്യവസ്ഥയുടെയും അധികാരം അദ്ദേഹം കൈകാര്യം ചെയ്തു
- മന്ത്രി പരിഷത് എന്ന മന്ത്രിമാരുടെ ഉപദേശക സമിതി രാജാവിനെ ഭരണ കാര്യങ്ങളിൽ സഹായിച്ചു
- ഭരണ നടത്തിപ്പിനായി വിശാലമായൊരു ഉദ്യോഗസ്ഥ വൃന്ദത്തെ നിയമിച്ചു .
- മികച്ചൊരു ചാര സമ്പ്രദായത്തെയും മൗര്യന്മാർ നിലനിർത്തിയിരുന്നു
- <u>പ്രവിശ്യാ ഭരണവും പ്രാദേശിക ഭരണവും</u>

- സാമ്രാജ്യത്തെ നാല് പ്രവിശ്യകളായി തരം തിരിച്ചിരുന്നു .
- ഓരോ പ്രവിശ്യയും ഒരു ഗവർണറുടെയോ വൈസ്രോയിയുടെയോ കീഴിലായിരുന്നു .
- രാജകുമാരനാണ് പലപ്പോഴും വൈസ്രോയിയായി പ്രവർത്തിച്ചിരുന്നത് .
- പ്രവിശ്യകൾ ജില്ലകളായി തരം തിരിക്കപ്പെട്ടിരുന്നു .ജില്ലയുടെ തലവൻ സ്ഥാനികഎന്നറിയപ്പെട്ടു
- ഭരണ സംവിധാനത്തിലെ ഏറ്റവും ചെറിയ ഘടകം ഗ്രാമങ്ങളായിരുന്നു .ഗ്രാമത്തലവനെ ഗ്രാമിക എന്നാണ് വിളിച്ചിരുന്നത്

<u>നഗര ഭരണം</u>

- നഗരങ്ങളുടെ ഭരണത്തിനായി പ്രത്യേക സംവിധാനങ്ങൾ ഉണ്ടായിരുന്നു .നഗരഭരണം വിപുലവും ആസൂത്രിതവുമായിരുന്നു .മുപ്പത് അംഗങ്ങളുള്ള ഒരു കൗൺസിലാണ് തലസ്ഥാന നഗരിയായ പാടലീപുത്രത്തിന്റെ ഭരണം നടത്തിയത് .അഞ്ച് അംഗങ്ങൾ വീതം ഉള്ള ആറ് സമിതികളായി ഈ കൗൺസിലിനെ തരാ തിരിച്ചിരുന്നു .
- ഒന്നാം സമിതി പൊതു ശുചിത്വ നിലവാരം പരിശോധിച്ചു
- രണ്ടാം സമിതി വിദേശികളെ ശ്രദ്ധിച്ചുപോന്നു
- മൂന്നാം സമിതി ജനന മരണ കണക്കുകൾ രേഖപ്പെടുത്തി
- നാലാം സമിതി അളവ് ,തൂക്കം തുടങ്ങിയവ നിയന്ത്രിച്ചു
- അഞ്ചാം സമിതി ഉല്പാദിപ്പിക്കപ്പെട്ട സാധനങ്ങൾ പരിശോധിച്ചു
- ആറാം സമിതി നികുതി പിരിച്ചു

Hsslive.in

- <u>സൈനിക ഭരണം</u>
- മൗര്യൻ സൈനിക സംവിധാനത്തിൽ ആറ് വിഭാഗങ്ങളാണ് ഉണ്ടായിരുന്നത് .കരസേന,അശ്വസേന ഗജസേന,തേര് ,നാവികസേന,ഗതാഗതം എന്നിവയാണവ .സൈനിക പ്രവർത്തനങ്ങളെ എകോപിപ്പിക്കുന്നതിന് ആറ് ഉപസമിതികൾ ഉള്ള ഒരു കമ്മിറ്റി ഉണ്ടായിരുന്നുവെന്ന് മെഗസ്തനീസ് സൂചിപ്പിക്കുന്നുണ്ട് .
- ആദ്യ ഉപസമിതി നാവികസേനയുടെ പ്രവർത്തനങ്ങൾ നോക്കി നടത്തി
- രണ്ടാം ഉപസമിതി ഗതാഗതത്തിന്റെയും ഭക്ഷണ സാമഗ്രികളുടെയും മേൽനോട്ടം വഹിച്ചു
- മൂന്നാം ഉപസമിതി കാലാൾ പടയുടെ ചുമതല നിർവഹിച്ചു
- നാലാം ഉപസമിതി അശ്വസേനയെ നിയന്ത്രിച്ചു
- അഞ്ചാം ഉപസമിതിക്കായിരുന്നു തേരുകളുടെ ചുമതല
- ആറാം ഉപസമിതി ആനകളുടെ പരിപാലനവും നിയന്ത്രണങ്ങളും നിർവഹിച്ചു

<u>നീതിന്യായ ഭരണം</u>

- നീതിന്യായ വിഷയത്തിൽ പരമാധികാരി രാജാവായിരുന്നു .
- അദ്ദേഹം തന്നെയായിരുന്നു പരമോന്നത കോടതി
- സിവിൽ -ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യാൻ രാജ്യത്തുടനീളം ഔദ്യോഗിക കോടതികൾ സ്ഥാപിച്ചിരുന്നു .

<u>നികുതി വ്യവസ്ഥ</u>

- സർക്കാർ ധാരാളം നികുതികൾ ഈടാക്കിയിരുന്നു .
- ഭൂനികുതിയായിരുന്നു പ്രധാന വരുമാന മാർഗം .
- ഖനനം ,കയറ്റുമതി -ഇറക്കുമതി ചുങ്കങ്ങൾ എന്നിവയും രാജ്യത്തിന് വരുമാനമുണ്ടാക്കി കൊടുത്തു

**17)** കൊത്തു ലിഖിതങ്ങളിലെ തെളിവുകൾക്ക് ചില പോരായ്മകൾ ഉണ്ട് .സമർഥിക്കുക

ഇന്ത്യാ ചരിത്ര പഠനത്തിന് കൊത്തു ലിഖിതങ്ങൾ ഏറെ സഹായകമാണ് .പക്ഷെ അതിന് ചില പരിമിതികൾ ഉണ്ട്

- കൊത്തു ലിഖിതങ്ങളിലെ ചില അക്ഷരങ്ങൾ മങ്ങിയ നിലയിലാണ് ഉള്ളത് .അവയെ പുനഃസൃഷ്ടിക്കുക എളുപ്പമല്ല
- ചിലതിലെ അക്ഷരങ്ങൾ മാഞ്ഞു പോവുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ട് .
- കണ്ടെടുക്കപ്പെട്ട മുഴുവൻകൊത്തു ലിഖിതങ്ങളും വായിച്ചെടുക്കാനോ വിവർത്തനം ചെയ്യാനോ പ്രസിദ്ധീകരിക്കാനോ കഴിഞ്ഞിട്ടില്ല
- ലിഖിതങ്ങളിലെ വാക്കുകളുടെ അർത്ഥം സന്ദർഭത്തിനൊത്ത് മനസിലാക്കുക പലപ്പോഴും പ്രയാസമാണ്
- കൊത്തു ലിഖിതങ്ങൾ പലതും നശിച്ചു പോയിട്ടുണ്ട്
- പ്രധാനമെന്ന് നാം കരുതുന്ന സാമ്പത്തിക -രാഷ്ട്രീയ കാര്യങ്ങളൊന്നും കൊത്തുലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല
- കൊത്തു ലിഖിതങ്ങൾ സ്ഥാപിച്ച വ്യക്തികളുടെ താല്പര്യങ്ങൾ ആണ് ശാസനങ്ങളിൽ പൊതുവെ കാണുന്നത് അതുകൊണ്ട് യാഥാർഥ്യം കണ്ടെത്തുന്നതിന് അവയെ  വിമർശനാത്മകമായി വിലയിരുത്തണം

**18)** ഭൂദാനത്തെ കുറിച്ച് കൊത്തുലിഖിതങ്ങളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാമാണ്?

- ശതവാഹന രാജാക്കന്മാരുടെ കാലത്താണ് ഭൂദാനത്തിന്റെ ഉത്ഭവമെന്ന് കരുതപ്പെടുന്നു.
- ബുദ്ധ സന്യാസിമാർക്കും ബ്രാഹ്മണർക്കും നികുതിരഹിത ഗ്രാമങ്ങൾ ദാനം നൽകുന്ന സമ്പ്രദായം അവരാണ് ആരംഭിച്ചത് .

Hsslive.in

- ഗുപ്തന്മാർ ഈ സമ്പ്രദായം പിന്തുടർന്ന് പോന്നു .
- ബ്രാഹ്മണർക്ക് ദാനമായി ലഭിച്ച ഭൂമിയെ അഗ്രഹാരം എന്നാണ് വിളിച്ചിരുന്നത് .
- പുതിയ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കാനുള്ള ഭരണാധികാരികളുടെ ഒരു തന്ത്രമായാണ് ഭൂദാനത്തെ ചില ചരിത്രകാരന്മാർ കാണുന്നത് .
- ക്ഷയിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രീയ ശക്തികളുടെ സൂചകമായിട്ടും ഇതിനെ കണക്കാക്കുന്നു .
- ഭൂദാനത്തിലൂടെ കരുത്തരായ വ്യക്തികളുടെ പിന്തുണ നേടിയെടുക്കാനാണ്   രാജാക്കന്മാർ ശ്രമിച്ചതെന്ന് ഒരു വിഭാഗം ചരിത്രകാരന്മാർ വാദിക്കുന്നു .
- ഭൂദാനത്തിലൂടെ തങ്ങളെ അമാനുഷരായി ഉയർത്തിക്കാട്ടാനാണ് രാജാക്കന്മാർ ശ്രമിച്ചതെന്ന അഭിപ്രായവും നിലനിൽക്കുന്നു .
- തകർന്നുകൊണ്ടിരിക്കുന്ന രാജാക്കന്മാരുടെ അധികാര പ്രകടനമായിരുന്നു അതെന്നും വാദിക്കുന്നവരുണ്ട്

**THANKS**

**PREPARED BY Sajeevan K C GHSS THARUVANA WAYANAD**

Hsslive.in